# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2419** 14.06.2019-**ൽ മറുപടിക്ക്**

ഏറനാട് മണ്ഡലത്തിലെ തടത്തിൽ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

| | ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഏറനാട് മണ്ഡലത്തിലെ കാവനൂർ ചെങ്ങരതടത്തിൽ പ്രദേശത്ത് രൂക്ഷമായി അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് തടത്തിൽ പ്രദേശത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നോ; വിശദമാക്കുമോ; | (എ) (ബി) & (സി) | ഏറനാട് മണ്ഡലത്തിലെ കാവനൂർ ചെങ്ങര തടത്തിൽ പ്രദേശത്തു അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രദേശവാസികൾക്ക് വേണ്ടി ശ്രീ. പി.ടി. ശിഹാബ് പുലിയാരത്തൊടിക സമർപ്പിച്ച നിവേദനം സഹിതം ശ്രീ. പി. കെ. ബഷീർ എം. എൽ. എ യുടെ 02.05.2019 - ലെ കത്ത് 16.05.2019 ന് മഞ്ചേരി ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി പരിഹരിക്കുന്നതിലേയ്ക്കായി 0.35 കി.മീ. 11 കെ.വി ലൈൻ വലിച്ച് 100 കെ.വി.എ യുടെ ഒരു ട്രാൻസ്ഫോർമർ വയ്ക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും പ്രവൃത്തി 2019-20 വർഷത്തെ ദ്യുതി പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരി ക്കാൻ നടപടിക്രമങ്ങൾ വേഗത്തിലാക്കി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ